## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 4129 24.10.2016-ന് മറുപടിക്ക്**

**ബി.എൽ.ഒ.മാരുടെ അമിത ജോലിഭാരം**

| ചോദ്യം<br>ശ്രീ. ടി.എ. അഹമ്മദ് കബീർ | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(ബഹു. മുഖ്യമന്ത്രി) |
|---|---|

| | | |
|---|---|---|
| എ | തെരഞ്ഞെടുപ്പ് കമ്മീഷന്റെ ജനകീയ ഉദ്യോഗസ്ഥരായ ബി.എൽ.ഒ. മാരെ ഡ്യൂട്ടി അവധിയും വേതനവും ഇല്ലാതെ ഭീമമായ ജോലി എൽപ്പിച്ചതായി ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ ; | (എ) കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ രാജ്യത്തുടനീളം നടത്തി വരുന്ന 2016-ലെ ദേശീയ വോട്ടർ പട്ടിക ശുദ്ധീ കരണത്തിന്റെ ഭാഗമായി വോട്ടർ പട്ടികയിൽ വന്നിട്ടുള്ള തെറ്റുകൾ, ഇരട്ടിപ്പുകൾ, താമസം മാറിപ്പോയവരുടെ പേരുകൾ, മരിച്ചവരുടെ പേരുകൾ മുതലായവ കണ്ടെത്തി അത്തരം പേരുകൾ നീക്കം ചെയ്യുന്നതിനും, തെറ്റുകൾ തിരുത്തുന്നതിനും കേരളത്തിലെ എല്ലാ പോളിംഗ് ബൂത്തുകളിലേയും വോട്ടർമാരുടെ വിവരങ്ങൾ വീടുകളിൽ പോയി ശേഖരിക്കുന്ന ജോലിയാണ് അടുത്ത കാലത്തായി ബി.എൽ.ഒ. മാരെ ഏൽപ്പിച്ചിട്ടു ണ്ടായിരുന്നത്. വിവര ശേഖരണത്തിനായി ഒരു മാസ ത്തിലധികം സമയം (36 ദിവസം) അനുവദിച്ചിരുന്നതി നാലാണ് ഡ്യൂട്ടി അവധി അനുവദിക്കാതിരുന്നത്. ഇതി നുള്ള വേതനം കേന്ദ്ര തെരഞ്ഞെടുപ്പു കമ്മീഷന്റെ നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാ ണ്. |
| ബി | ഇതു സംബന്ധിച്ച് ലഭിച്ച പരാതിയിൽ നാളിതുവരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദ മാക്കുമോ; | (ബി) ഇത് സംബന്ധിച്ച് പരാതികൾ ശ്രദ്ധയിൽപ്പെട്ടതിൻ പ്രകാരം ബി.എൽ.ഒ. മാർ വഴിയുള്ള വിവര ശേഖരണ ത്തിനായി അനുവദിച്ചിരുന്ന സമയ പരിധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടായിരുന്നു. |
| സി | ബി.എൽ.ഒ.മാർ ശേഖരിച്ച വിവര ശേഖര പട്ടികയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം ക്രമീകരണങ്ങ ളാണ് നടത്തിയിട്ടുള്ളത് ; വിശദീകരിക്കാമോ ? | (സി) ബി.എൽ.ഒ. മാർ ശേഖരിച്ച വിവരങ്ങളുടെ അടി സ്ഥാനത്തിൽ വോട്ടർ പട്ടികയിൽ നിന്നും വിവിധ കാര ണങ്ങളാൽ നീക്കം ചെയ്യപ്പെടേണ്ടവരുടെ പട്ടിക തയ്യാറാ ക്കുകയും അംഗീകൃത രാഷ്ട്രീയ പാർട്ടികൾക്ക് അതിന്റെ പകർപ്പ് ഇതിനോടകം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് നീക്കം ചെയ്യപ്പെടേണ്ടവരെ പട്ടികയിൽ നിന്നും നീക്കം ചെയ്ത്, 2017-ലെ പ്രത്യേക സംക്ഷിപ്ത പുതുക്കലിനായുള്ള കരട് വോട്ടർ പട്ടിക 31/10/2016-ൽ പ്രസിദ്ധീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ